# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6721 — 01.11.2011 ൽ മറുപടിക്ക്

## വിദേശികളുടെ വാഹന രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) വാഹനങ്ങളുടെ ഉടമസ്ഥാവകാശത്തിലെ ക്രമക്കേട് തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) വാഹനങ്ങളുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ബി) വിദേശികളുടെ വാഹനങ്ങളുടെ രജിസ്ട്രേഷൻ ചെയ്യുന്നതിന് എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) വ്യവസ്ഥകളുണ്ട്. പ്രസ്തുത വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>1. വാഹനത്തിന്റെ രജിസ്ട്രേഷനു വേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ പാസ്പോർട്ട്, വിസ, റസിഡന്റ് പെർമിറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഹാജരാക്കേണ്ടതാണ്.<br>2. വാഹന പരിശോധന സമയത്ത് മേൽപ്പറഞ്ഞ രേഖകളുടെ അസ്സൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.<br>3. അപേക്ഷകന്റെ സ്ഥിരം മേൽവിലാസം പാസ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരം മേൽവിലാസമായിരിക്കണം.<br>4.താത്ക്കാലിക മേൽവിലാസം, റസിഡൻസ് പെർമിറ്റ് /ലൈസൻസിൽ രേഖപ്പെടുത്തിയിരിക്കുന്ന മേൽവിലാസമായിരിക്കണം.<br>5. സ്ഥിരം മേൽവിലാസം, താത്ക്കാലിക മേൽവിലാസം, പാസ്പോർട്ടിന്റെയും വിസയുടെയും വിശദവിവരങ്ങൾ എന്നിവ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്.<br>6. മറ്റെല്ലാ വ്യവസ്ഥകളും സാധാരണ വാഹനം രജിസ്റ്റർ ചെയ്യുമ്പോഴുള്ള വ്യവസ്ഥകൾ തന്നെയായിരിക്കും. |

| | |
|---|---|
| (സി) കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വിദേശികളുടെ വാഹനങ്ങൾ എത്രയെന്ന് വെളിപ്പെടുത്തുമോ? | (സി) സംസ്ഥാനത്ത് ആകെ 66 ലക്ഷത്തോളം വാഹനങ്ങൾ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ വിദേശികളെയും സ്വദേശികളെയും തരംതിരിക്കുന്ന സംവിധാനം ഇപ്പോൾ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വിദേശികളുടെ വാഹനങ്ങളുടെ എണ്ണം പ്രത്യേകമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ